No. CEE/810/LLM-2020/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എൽഎൽ.എം. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020
## ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും, സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2020-21 വർഷത്തെ എൽഎൽ.എം കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **06.12.2020 ന്** ആരംഭിക്കുന്നതാണ്. 2020- 21 അദ്ധ്യയന വർഷത്തെ എൽഎൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷൻ നൽകാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെയും വിദ്യാർത്ഥികൾ നൽകിയ ഓപ്ഷന്റെയും അടിസ്ഥാനത്തിലായിരിക്കും കേന്ദ്രീകൃത അലോട്ട്മെന്റ് നടത്തുന്നത്.

വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'LL.M 2020-Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച് **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **06.12.2020** മുതൽ **11.12.2020 വൈകുന്നേരം 4 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **11.12.2020 വൈകുന്നേരം 4 മണി** വരെ ലഭ്യമാകുന്ന ഓൺലൈൻ ഓപ്ഷനുകളുടെയും എൽ.എൽ.എം. പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റ്, കാറ്റഗറി ലിസ്റ്റ് എന്നിവയുടെയും അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് **13.12.2020** ന് പ്രസിദ്ധീകരിക്കുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **15.12.2020** മുതൽ **17.12.2020 വൈകുന്നേരം 4 മണി** വരെ കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **6.12.2020** | ഓപ്ഷൻ രജിസ്ട്രേഷന് വെബ്സൈറ്റ് സജ്ജമാകുന്നു |
| **11.12.2020, 4 pm** | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| **13.12.2020** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **15.12.2020 മുതൽ 17.12..2020 വരെ** | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **17.12.2020, 5 pm** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം. |

| DETAILS OF LAW COLLEGES INCLUDED IN CENTRALISED ALLOTMENT PROCESS (CAP) 2020 | | |
|---|---|---|
| **Sl. No** | **College Code** | **Name of College** |
| **GOVERNMENT LAW COLLEGES** | | |
| 1 | **TVL** | GOVT. LAW COLLEGE, THIRUVANANTHAPURAM |
| 2 | **EKL** | GOVT. LAW COLLEGE, ERNAKULAM |
| 3 | **TCL** | GOVT. LAW COLLEGE, THRISSUR |
| 4 | **KKL** | GOVT. LAW COLLEGE, KOZHIKODE |
| **PRIVATE SELF FINANCING LAW COLLEGES** | | |
| 1 | **ATL** | AL-AZHAR LAW COLLEGE, THODUPUZHA, IDUKKI |
| 2 | **CEL** | CSI COLLEGE FOR LEGAL STUDIES, ETTUMANOOR, KOTTAYAM |
| 3 | **GNL** | MAR GREGORIOS COLLEGE OF LAW, NALANCHIRA, TRIVANDRUM |
| 4 | **SKL** | SREE NARAYANA GURU COLLEGE OF LEGAL STUDIES, KOLLAM |
| 5 | **BAL** | BARATA MATA SCHOOL OF LEGAL STUDIES, CHOONDY, ALUVA |
| 6 | ***MKL** | MARKAZ LAW COLLEGE, KOZHIKKODE |
| 7 | **CPL** | CSI INSTITUTE OF LEGAL STUDIES, CHERUVARAKONAM, THIRUVANNATHAPURAM |

* ഈ കേളേജിലേക്കുള്ള അലോട്ട്മെന്റ് താത്ക്കാലികവും ബന്ധപ്പെട്ട സർവ്വകലാശാല ഉത്തരവിന് വിധേയവുമായിരിക്കും.

## ഫീസ്:

| **കോളേജുകൾ** | **ഫീസ്** |
|---|---|
| ഗവൺമെന്റ് ലോ കോളേജുകൾ | *3,780 രൂപ |
| സ്വകാര്യ സ്വാശ്രയ ലോ കോളേജ് **(ഗവൺമെന്റ് സീറ്റ്)** | *30,000 രൂപ |

*സർക്കാർ ഉത്തരവിന് വിധേയമായിരിക്കും

എൽഎൽ.എം കോഴ്സിന്റെ വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 4 ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

## അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:

1. വിദ്യാർത്ഥിയുടെ ഡാറ്റാ ഷീറ്റ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ
3. എൽ.എൽ.ബി. പരീക്ഷയുടെ അസ്സൽ മാർക്ക് ലിസ്റ്റ് (എല്ലാ മാർക്ക് ലിസ്റ്റും)
4. പ്രൊവിഷണൽ/ഡിഗ്രി സർട്ടിഫിക്കറ്റ്
5. അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് രേഖകൾ
6. വിടുതൽ സർട്ടിഫിക്കറ്റ്
7. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപന മേധാവി അല്ലെങ്കിൽ ഒരു ഗസ്റ്റഡ് ഓഫീസർ ആറ് മാസകാലയളവിനുള്ളിൽ നൽകിയിട്ടുള്ള സ്വഭാവ സർട്ടിഫിക്കറ്റ്
8. വിദ്യാർത്ഥിയുടെ നാല് പാസ്പോർട്ട് സൈസ് ഫോട്ടോ
9. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഒരു യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

10. സർക്കാർ സ്ഥാപനങ്ങൾ/ഷെഡ്യൂൾഡ് ബാങ്ക് എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന/ട്രെയ്നി ആയിട്ടുള്ള അപേക്ഷകർ ഇന്റർവ്യൂ സമയത്ത് അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
11. നേറ്റിവിറ്റി/സംവരണം/ഫീസ് ഇളവ് എന്നിവ തെളിയിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ.

***കുറിപ്പ്:***

*1) അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.*

*2) Nationality, Nativity, ഒപ്പ് , ഫീസ് എന്നിവയിലെ ന്യൂനതകളാൽ റാങ്ക് ലിസ്റ്റിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 11.12.2020 ന് വൈകുന്നേരം 4 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് കാൻഡിഡേറ്റ് പോർട്ടലിലൂടെ ഓൺലൈനായി സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.*

*3) നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്. അവരെ തുടർന്ന് കേന്ദ്രീകൃത അലോട്ട്മെന്റ് ഉള്ള പക്ഷം അവയിലേയ്ക്ക് പരിഗണിക്കുന്നതുമല്ല.*

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

Sd/-

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05.12.2020